"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**ആയുഷ് (സി) വകുപ്പ്**

ആയുഷ്-സി2/85/2025-ആയുഷ്

തിരുവനന്തപുരം,
30-04-2026,
0471-2517473
E-mail: ayushcdepartment@gmail.com

പ്രേഷകൻ

ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം

മാഡം,

വിഷയം:- ഹോമിയോപ്പതി വകുപ്പ് - ഹോമിയോപ്പതി സ്പെഷ്യൽ റൂൾസ് (സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്) മലയാളത്തിൽ പരിഭാഷപ്പെടുത്തിയത്- അംഗീകാരം നൽകുന്നത് - സംബന്ധിച്ച്:-

സൂചന:- താങ്കളുടെ 16/05/2025-ലെ DHTVM/1739/2021-G3 നമ്പർ കത്ത്

സൂചനയിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം താങ്കൾ ലഭ്യമാക്കിയ 2011 ലെ കേരള സംസ്ഥാന ഹോമിയോപ്പതി സബോർഡിനേറ്റ് സർവീസ് വിശേഷാൽ ചട്ടങ്ങളുടെ മലയാളം പരിഭാഷ സൂക്ഷ്മമായി പരിശോധിച്ചപ്പോൾ, അതു ക്രമത്തിലാണെന്ന് കണ്ടെത്തിയതിനാൽ, ആയത് അംഗീകരിച്ച് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
G INDIRA VENI
അണ്ടർ സെക്രട്ടറി
ഗവ. അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**കേരളസർക്കാർ**

**ആരോഗ്യ-കുടുംബക്ഷേമ (ജെ) വകുപ്പ്**

**വിജ്ഞാപനം**

ജി.ഒ.(പി)നം.441/2011/എച്ച്&എഫ്.ഡബ്ലിയു.ഡി. തിരുവനന്തപുരം, തീയതി 29 ജൂലൈ 2011

**എസ്.ആർ.ഒ നം. 492/2011** - 1968 ലെ കേരള പബ്ലിക് സർവീസസ് ആക്റ്റിന്റെ (1968 ലെ 19) 2-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും, 1999 ഏപ്രിൽ 12-ാം തീയതിയിലെ ജി.ഒ.(പി)നം.135/99/എച്ച്&എഫ്.ഡബ്ല്യിയു.ഡി. ഉത്തരവു പ്രകാരം 397/99-ാം നമ്പർ എസ്.ആർ.ഒ. ആയി 1999 മെയ് 11 തീയതിയിലെ 916-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും കേരളസർക്കാർ താഴെപ്പറയുന്ന കേരള ഹോമിയോപ്പതി സബോർഡിനേറ്റ് സർവ്വീസിന് വേണ്ടിയുള്ള വിശേഷാൽ ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-

**ചട്ടങ്ങൾ**

1 . **ചുരുക്കപ്പേരും പ്രാരംഭവും** – (1) ഈ ചട്ടങ്ങൾ 2011-ലെ 'കേരള സംസ്ഥാന ഹോമിയോപ്പതി സബോഡിനേറ്റ് സർവീസസ് വിശേഷാൽച്ചട്ടങ്ങൾ എന്ന് പേരുപറയാം.'

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്

2. **രൂപവത്ക്കരണം** – സർവീസിൽ താഴെപ്പറയുന്ന കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥർമാർ ഉൾപ്പെടുന്നതാണ്, അതായത് :-

| | |
|---|---|
| കാറ്റഗറി 1. | നേഴ്സിങ് സൂപ്രണ്ട് ഗ്രേഡ് II |
| കാറ്റഗറി 2. | ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II |
| കാറ്റഗറി 3. | നേഴ്സ് ഗ്രേഡ് I |
| കാറ്റഗറി 4. | ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II |
| കാറ്റഗറി 5. | ഫാർമസിസ്റ്റ് ഗ്രേഡ് II |
| കാറ്റഗറി 6. | നേഴ്സ് ഗ്രേഡ് II |
| കാറ്റഗറി 7. | ഫാർമസിസ്റ്റ് ഗ്രേഡ് II |
| കാറ്റഗറി 8. | അറ്റൻഡർ/ഡിസ്പെൻസർ/നേഴ്സിങ് അസിസ്റ്റൻറ്/സ്റ്റോർ അറ്റൻഡർ/ റെക്കോർഡ് അറ്റൻഡർ ഗ്രേഡ് I |
| കാറ്റഗറി 9. | അറ്റൻഡർ/ഡിസ്പെൻസർ/നേഴ്സിങ് അസിസ്റ്റൻറ്/സ്റ്റോർ അറ്റൻഡർ/ റെക്കോർഡ് അറ്റൻഡർ ഗ്രേഡ് II |
| കാറ്റഗറി 10. | ലബോറട്ടറി അറ്റൻഡർ |

3 . **നിയമനരീതി.** – താഴെ പട്ടികയിലെ കോളം (1) ൽ വിനിർദ്ദേശിച്ച കാറ്റഗറിയിലെ തസ്തികകളിലെ നിയമനം അതിനുനേരെ കോളം (2) ൽ വിനിർദ്ദേശിച്ചിട്ടുള്ള നിയമന രീതിയിലായിരിക്കുന്നതാണ്. അതായത്;_

പട്ടിക

| കാറ്റഗറി (1) | നിയമന രീതി (2) |
|---|---|
| 1. നേഴ്സിങ് സൂപ്രണ്ട് ഗ്രേഡ് II | നേഴ്സ് ഗ്രേഡ് I ൽ നിന്നു സ്ഥാനക്കയറ്റം മുഖേന |
| 2. ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് I | ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II ൽ നിന്നു സ്ഥാനക്കയറ്റം മുഖേന |
| 3. നേഴ്സ് ഗ്രേഡ് I | നേഴ്സ് ഗ്രേഡ് II ൽ നിന്നു സ്ഥാനക്കയറ്റം മുഖേന |
| 4. ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II | നേരിട്ടുള്ള നിയമനം മുഖേന |
| 5. ഫാർമസിസ്റ്റ് ഗ്രേഡ് I | ഫാർമസിസ്റ്റ് ഗ്രേഡ് II ൽ നിന്ന് സ്ഥാനക്കയറ്റം മുഖേന |
| 6. നേഴ്സ് ഗ്രേഡ് II | നേരിട്ടുള്ള നിയമനം മുഖേന |
| 7. ഫാർമസിസ്റ്റ് ഗ്രേഡ് II | 1. നേരിട്ടുള്ള നിയമനം മുഖേന<br>2. അറ്റൻഡർ / ഡിസ്പെൻസർ / നേഴ്സിങ് അസിസ്റ്റന്റ് / സ്റ്റോർ അറ്റൻഡർ /റെക്കോർഡ് അറ്റൻഡർ ഗ്രേഡ് I എന്നിവയിൽ നിന്നും സ്ഥാനക്കയറ്റം മുഖേന.<br><br>**കുറിപ്പ്:**– നേരിട്ടുള്ള നിയമനവും സ്ഥാന ക്കയറ്റം/ഉദ്യോഗക്കയറ്റം മുഖേനയുള്ള നിയമനവും 1:1 എന്ന അനുപാതത്തിൽ ആയിരിക്കുന്നതാണ്. സ്ഥാനക്കയറ്റ രീതിയിൽ നിയമനത്തിനു യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം മുഖേന നികത്തുന്നതാണ്. |
| 8. അറ്റൻഡർ/ഡിസ്പെൻസർ/നേഴ്സിങ് അസിസ്റ്റന്റ്/സ്റ്റോർ അറ്റൻഡർ/ റെക്കോർഡ് അറ്റൻഡർ ഗ്രേഡ് I | അറ്റൻഡർ/ഡിസ്പെൻസർ/നഴ്സിങ് അസിസ്റ്റന്റ്/സ്റ്റോർ അറ്റൻഡർ/റെക്കോഡ് അറ്റൻഡർ ഗ്രേഡ് II എന്നിവയിൽ നിന്ന് സ്ഥാനക്കയറ്റം മുഖേന |
| 9. അറ്റൻഡർ/ഡിസ്പെൻസർ/നഴ്സിങ് അസിസ്റ്റന്റ്/സ്റ്റോർ അറ്റൻഡർ/ റെക്കോർഡ് അറ്റൻഡർ ഗ്രേഡ് II | 1) ഹോമിയോപ്പതി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് തസ്തികമാറ്റം മുഖേന<br><br>2) മുകളിൽ നൽകിയിട്ടുള്ള ഇനം (1) പ്രകാരം നിയമനത്തിനു യോഗ്യതയുള്ള വരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം മുഖേന |

| | |
|---|---|
| 10. ലബോറട്ടറി അറ്റൻഡർ | നേരിട്ടുള്ള നിയമനം മുഖേന |

4 . **<u>നിയമനാധികാരി.</u>**– എല്ലാ കാറ്റഗറിയുടെയും നിയമനാധികാരി ഹോമിയോപ്പതി ഡയറക്ടർ ആയിരിക്കുന്നതാണ്.

5. **<u>നിയമനങ്ങളിലെ സംവരണം.</u>**– 1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ഭാഗം രണ്ടിൽ നിയമനങ്ങൾക്കുള്ള സംവരണചട്ടങ്ങൾ പ്രതിപാദിച്ചിട്ടുള്ള 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ നേരിട്ടുള്ള നിയമനങ്ങൾക്കു ബാധകമാണ്.

6 . **<u>പ്രായം സംബന്ധിച്ച യോഗ്യത.</u>**- നിയമനത്തിനായുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന വർഷത്തിലെ ജനുവരി ഒന്നാം തീയതിയിൽ അവൻ/അവൾ 18 വയസ്സ് പൂർത്തിയാകാത്തതും 35 വയസ്സ് പൂർത്തീകരിച്ചതുമായ യാതൊരാൾക്കും നേരിട്ടുള്ള നിയമനത്തിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ലാത്തതും കൂടാതെ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റു പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർക്കും ഉയർന്നപ്രായ പരിധി സംബന്ധിച്ച നിയമപ്രകാരമുള്ള ഇളവ് ലഭിക്കുന്നതുമാണ്.

7 . **<u>വിദ്യാഭ്യാസയോഗ്യത.</u>**– ചുവടെ പട്ടികയിലെ കോളം (3) ന് അനുബന്ധമായി ചേർത്തിരിക്കുന്ന ഉൾക്കുറിപ്പിൽ വിനിർദേശിച്ചിരിക്കുന്ന യോഗ്യതകളില്ലാത്ത അവൻ/അവൾക്ക് കോളം (2) ൽ വിനിർദേശിച്ചിരിക്കുന്ന നിയമനരീതികളിലൂടെ കോളം (1) ൽ വിനിർദേശിച്ചിരിക്കുന്ന കാറ്റഗറികളിലേക്കുള്ള നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**പട്ടിക**

| **കാറ്റഗറി**<br>(1) | **നിയമനരീതി**<br>(2) | **യോഗ്യത**<br>(3) |
|---|---|---|
| 1) നഴ്സിങ് സൂപ്രണ്ട് ഗ്രേഡ് I | ഉദ്യോഗക്കയറ്റംവഴി/ സ്ഥാനക്കയറ്റം മുഖേന | 1) എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ വിജയിച്ചിരിക്കണം.<br><br>2) കേരളസർക്കാർ നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തീകരിച്ചതിന്റെ പാസ് സർട്ടിഫിക്കറ്റോ കേരള സർക്കാർ അംഗീകരിച്ച തത്തുല്യയോഗ്യതയോ കേരളസർക്കാർ നടത്തുന്ന ജനറൽ നേഴ്സ് കം മിഡ് വൈഫറി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയതിനു ശേഷം ലഭിക്കുന്ന പാസ് സർട്ടിഫിക്കറ്റോ സർക്കാർ അംഗീകരിച്ച തത്തുല്യ |

| | | |
|---|---|---|
| | | യോഗ്യതയോ<br><br>3) ഹോമിയോപ്പതി വകുപ്പിൽ നേഴ്സ് ആയി കുറഞ്ഞത് 18 വർഷത്തെ സേവനം |
| 2. ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II | ഉദ്യോഗക്കയറ്റംവഴി/ സ്ഥാനക്കയറ്റം മുഖേന | 1) ഏതെങ്കിലും അംഗീകൃത ബോർഡ്/സർവ്വകലാശാലയിൽ നിന്ന് സയൻസ് വിഷയങ്ങളിൽ നേടിയ ഹയർ സെക്കൻഡറി യോഗ്യതയോ പ്രീഡിഗ്രി വിജയമോ സർക്കാർ അംഗീകരിച്ച തത്തുല്യയോഗ്യതയോ<br><br>2) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് വിജയമോ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യതയോ |
| 3. നേഴ്സ് ഗ്രേഡ് I | ഉദ്യോഗക്കയറ്റംവഴി/<br><br>സ്ഥാനക്കയറ്റം മുഖേന | 1) എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ വിജയിച്ചിരിക്കണം.<br><br>2) കേരളസർക്കാർ നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തീകരിച്ചതിന്റെ പാസ് സർട്ടിഫിക്കറ്റോ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യതയോ<br><br>അല്ലെങ്കിൽ<br><br>കേരളസർക്കാർ നടത്തുന്ന ജനറൽ നേഴ്സിങ് കം മിഡ് വൈഫറി കോഴ്സ് വിജയ കരമായി പൂർത്തിയായതിനു ശേഷം ലഭിക്കുന്ന പാസ് സർട്ടിഫിക്കറ്റോ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യതയോ |
| 4. ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II | നേരിട്ടുള്ള നിയമനം മുഖേന | 1) ഏതെങ്കിലും അംഗീകൃത ബോർഡ്/സർവ്വകലാശാലയിൽ സയൻസ് വിഷയങ്ങളിൽ |

| | | |
|---|---|---|
| | | നേടിയ ഹയർസെക്കൻഡറി യോഗ്യതയോ പ്രീഡിഗ്രി വിജയമോ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യതയോ<br><br>2) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സ് വിജയമോ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യതയോ |
| 5. ഫാർമസിസ്റ്റ് ഗ്രേഡ് I | ഉദ്യോഗക്കയറ്റം വഴി/ സ്ഥാനക്കയറ്റം മുഖേന | 1) എസ്.എസ്.എൽ.സി.യോ തത്തുല്യയോഗ്യതയോ വിജയിച്ചിരിക്കണം<br><br>2) കേരളസർക്കാർ നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തികരിച്ചതിന്റെ പാസ് സർഫിക്കറ്റോ സർക്കാർ അംഗീകരിച്ച തത്തുല്യയോഗ്യതയോ |
| 6. നേഴ്സ് ഗ്രേഡ് II | നേരിട്ടുള്ള നിയമനം മുഖേന | 1) എസ്.എസ്.എൽ.സി യോ തത്തുല്യ യോഗ്യതയോ വിജയിച്ചിരിക്കണം<br><br>2) കേരളസർക്കാർ നടത്തുന്ന ജനറൽ നേഴ്സിങ് കം മിഡ് വൈഫറി കോഴ്സ് വിജയ കരമായി പൂർത്തിയാക്കിയതിനു ശേഷം ലഭിക്കുന്ന പാസ് സർട്ടിഫിക്കറ്റോ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യതയോ<br><br>മേൽപ്പറഞ്ഞ യോഗ്യതയുള്ള ഉദ്യോഗാർഥികൾ നിരീക്ഷണ കാലയളവിൽ ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള ഏതെങ്കിലും ആശുപത്രിയിലെ ഫാർമസിയിൽ 3 മാസം പരിശീലനം നേടിയിരിക്കേണ്ടതാണ്. |
| 7. ഫാർമസിസ്റ്റ് ഗ്രേഡ് II | 1. നേരിട്ടുള്ള | 1) എസ്.എസ്.എൽ.സി.യോ |

| | | |
|---|---|---|
| | നിയമനം മുഖേന | തത്തുല്യ യോഗ്യതയോ വിജയിച്ചിരിക്കണം<br><br>2)കേരളസർക്കാർ നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് പരിശീലന കോഴ്സ് (ഹോമിയോപ്പതി) വിജയ കരമായി പൂർത്തീകരിച്ചതിന്റെ പാസ് സർട്ടിഫിക്കറ്റോ സർക്കാർ അംഗീകരിച്ച തത്തുല്യയോഗ്യതയോ |
| | 2. സ്ഥാനക്കയറ്റം മുഖേന | 1) എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ വിജയിച്ചിരിക്കണം<br><br>2)കേരളസർക്കാർ നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് പരിശീലന കോഴ്സ് (ഹോമിയോപ്പതി) വിജയകരമായി പൂർത്തീകരിച്ചതിന്റെ പാസ് സർട്ടിഫിക്കറ്റോ സർക്കാർ അംഗീകരിച്ച തത്തുല്യ യോഗ്യതയോ |
| 8. അറ്റൻഡർ/ഡിസ്പെൻസർ/നേഴ്സിങ് അസിസ്റ്റന്റ് /സ്റ്റോർ അറ്റൻഡർ/റെക്കോർഡ് അറ്റൻഡർ ഗ്രേഡ് I | സ്ഥാനക്കയറ്റം മുഖേന | 1) എസ്.എസ്.എൽ.സി യോ തത്തുല്യ യോഗ്യതയോ വിജയിച്ചിരിക്കണം<br><br>2) ഒരു സർക്കാർ ഹോമിയോ ആശുപത്രി/ഡിസ്പെൻസറിയിൽ ഹോമിയോ മരുന്ന് കൈകാര്യം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും മൂന്നു വർഷത്തെ പരിചയം |
| 9. അറ്റൻഡർ/ഡിസ്പെൻസർ/നേഴ്സിങ് അസിസ്റ്റന്റ് /സ്റ്റോർ അറ്റൻഡർ/റെക്കോർഡ് അറ്റൻഡർ ഗ്രേഡ് II | 1. തസ്തികമാറ്റം മുഖേന | 1) എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ വിജയിച്ചിരിക്കണം<br>2) തസ്തികമാറ്റം മുഖേന നിയമനം ലഭിക്കുന്നവർ ഹോമിയോപ്പതി വകുപ്പ് നടത്തുന്ന മൂന്നു മാസത്തെ ഇൻ-സർവീസ് കോഴ്സ് വിജയകരമായി പൂർത്തീകരിച്ചവരും വകുപ്പ് നടത്തുന്ന പരീക്ഷ വിജയിച്ചവരുമായിരിക്കണം |

| | | |
|---|---|---|
| | | **കുറിപ്പ്:** – കേരളസർക്കാർ നടത്തുന്ന നേഴ്സ്-കം-ഫാർമസിസ്റ്റ് കോഴ്സ് പാസായവർ മേൽപ്പറഞ്ഞ ഇൻ-സർവീസ് കോഴ്സിന് വിധേയരാകേണ്ടതില്ല |
| | 2. മുകളിലെ ഇനം (1) ന്റെ അഭാവത്തിൽ നേരിട്ടുള്ള നിയമനം മുഖേന | 1) എസ്.എസ്.എൽ.സി.യോ തത്തുല്യ യോഗ്യതയോ ജയിച്ചിരിക്കണം<br><br>2) ഒരു സർക്കാർ ഹോമിയോ ആശുപത്രി/ഡിസ്പെൻസറിയിലോ ഒരു ‘എ ക്ലാസ്സ്’ രജിസ്ട്രേഷനുള്ള ഹോമിയോ മെഡിക്കൽ പ്രാക്ടീഷണർ നടത്തുന്ന സ്വകാര്യ ഹോമിയോ ആശുപത്രി/ഡിസ്പെൻസറിയിലോ ഹോമിയോ മരുന്നുകൾ കൈകാര്യം ചെയ്യുന്നതിൽ മൂന്നുവർഷത്തെ പരിചയം |
| 10. ലബോറട്ടി അറ്റൻഡർ | നേരിട്ടുള്ള നിയമനം മുഖേന | മെഡിക്കൽ ലാബ് ടെക്നോളജി കോഴ്സിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷയിൽ വിജയം |

8 . **<u>പ്രൊബേഷൻ</u>** - ഏതൊരു കാറ്റഗറിയിലേക്കും നിയമിക്കപ്പെടുന്ന ഓരോ വ്യക്തിയും, ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ പ്രൊബേഷനിലായിരിക്കും

I) നേരിട്ടുള്ള നിയമനം വഴിയോ തസ്തികമാറ്റംവഴിയോ ആണെങ്കിൽ, പ്രൊബേഷൻ തുടർച്ചയായ മൂന്നുവർഷ സേവനകാലയളവിനുള്ളിലെ രണ്ടുവർഷമായിരിക്കും.

II) നിയമനം സ്ഥാനക്കയറ്റം/ഉദ്യോഗക്കയറ്റംവഴിയാണെങ്കിൽ, പ്രൊബേഷൻ തുടർച്ചയായ രണ്ടുവർഷത്തെ സേവനകാലയളവിനുള്ളിലെ ഒരു വർഷമായിരിക്കും.

9 . **<u>ഒഴിവാക്കൽ.</u>**- ഈ ചട്ടങ്ങളുടെ 7-ാം ചട്ടത്തിൽ അടങ്ങിയിരിക്കുന്നവ ഈ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്ന തീയതിയിൽ താൻ വഹിക്കുന്ന കാറ്റഗറിയിലെ തസ്തികയ്ക്കു നിർണ്ണയിച്ചിരിക്കുന്ന യോഗ്യതകളില്ലാത്ത ഒരു വ്യക്തിക്കു ബാധകമല്ല. കൂടാതെ 1999 മേയ് 1-ാം തീയതിയോ അതിനുശേഷമോ ആ തസ്തികയിലേക്കു നിയമിക്കപ്പെടുകയോ സ്ഥാനക്കയറ്റം ലഭിക്കുകയോ ചെയ്ത വ്യക്തി ഈ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്ന തീയതിക്കു മുമ്പ്, ആ തസ്തികയുടെ കാര്യത്തിൽ, ഈ ചട്ടങ്ങൾക്കു കീഴിൽ നിർണ്ണയിച്ചിരിക്കുന്ന യോഗ്യതയിൽനിന്ന് ഒഴിവാക്കപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കൂടാതെ അത്തരം ഇളവ് ഏതെങ്കിലും ഉയർന്ന കാറ്റഗറിയിലേയ്ക്കുള്ള ഭാവിയിലെ സ്ഥാനക്കയറ്റങ്ങൾക്ക് ബാധകമായിരിക്കുന്നതല്ലാത്തതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രാജീവ് സദാനന്ദൻ,
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

**<u>വിശദീകരണക്കുറിപ്പ്</u>**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഹോമിയോപ്പതി വകുപ്പിലെ സബോഡിനേറ്റ് സർവീസിൽ ഉൾപ്പെടുന്നവരുടെ സേവനവ്യവസ്ഥകളും നിയമനവും ക്രമപ്പെടുത്തുന്നതിന് ഒരു വിശേഷാൽ ചട്ടം 1999 ഏപ്രിൽ 12 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.135/99/എച്ച്&എഫ്.ഡബ്ലിയു.ഡി. ആയി വിജ്ഞാപനം ചെയ്തതും എസ്.ആർ.ഒ. നം.397/99 ആയി 1999 മെയ് 11 ലെ കേരള ഗസറ്റിൽ അസാധാരണ ഗസറ്റിൽ നം.916-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ചട്ടങ്ങളിൽ ചില പൊരുത്തക്കേടുകളും പോരായ്മകളും കടന്നുകൂടിയിട്ടുള്ളതിനാൽ, അതു നടപ്പിലാക്കാൻ സാധിക്കാതെ വന്നു. അതിനാൽ മേൽപ്പറഞ്ഞ വിശേഷാൽചട്ടങ്ങളെ അതിലംഘിച്ചു കൊണ്ട് കേരള സ്റ്റേറ്റ് ഹോമിയോപ്പതി സബോഡിനേറ്റ് സർവീസിനായുള്ള വിശേഷാൽ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.